സുപ്രഭാതം

19 October 2019



സി.എം.എഫ്.ആർ.ഐ നടത്തുന്ന രാജ്യാന്തര ശിൽപശാലയിൽ പങ്കെടുക്കാനെത്തിയ വിദേശ സംഘം മുനമ്പം തുറമുഖത്ത് എത്തിയപ്പോൾ

# ഇന്ത്യൻ മത്സ്യമേഖലയെ അടുത്തറിയാൻ വിദേശസംഘം കൊച്ചിയിലെത്തി

കൊച്ചി: ഇന്ത്യയിലെ സമുദ്രമത്സ്യമേഖലയെ അടുത്തറിയാൻ വിദേശസംഘം മുനമ്പം തുറമുഖത്തെത്തി. ആഫ്രിക്കൻ, ഏഷ്യൻ മേഖലകളിൽ നിന്നുള്ള 10 രാജ്യങ്ങളിലെ ഫിഷറീസ് ഉദ്യോഗസ്ഥരെ പരിശീലിപ്പിക്കുന്നതിനായി സി.എം.എഫ്.ആർ.ഐ നടത്തുന്ന 15 ദിവസത്തെ രാജ്യാന്തര ശിൽപശാലയുടെ ഭാഗമായായിരുന്നു തുറമുഖ സന്ദർശനം.

വിഴിഞ്ഞം, തമിഴ്നാട്ടിലെ മണ്ഡപം എന്നിവിടങ്ങളിലുള്ള സി.എം.എഫ്.ആർ.ഐയുടെ ഗവേഷണ കേന്ദ്രങ്ങളിലും വിദേശസംഘം സന്ദർശനം നടത്തും.